# പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2663 | 06.02.2018 ന് മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വനംവികസന ഏജൻസിയുടെ സേഫ്റ്റി ആഡിറ്റ്

**ചോദ്യം**

ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.എം.വിൻസെന്റ്
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.റോജി എം.ജോൺ

ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സംസ്ഥാന വനംവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ സേഫ്റ്റി ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആഡിറ്റിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

**ഉത്തരം**

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

നടത്തിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ നാഷണൽ സേഫ്റ്റി കൗൺസിലിന്റെ കേരള ഘടകത്തെയാണ് അതിനായി ചുമതലപ്പെടുത്തിയത്. ടി സ്ഥാപനം കേരളത്തിലെ തെരഞ്ഞെടുത്ത ഇക്കോട്ടൂറിസം പ്രദേശങ്ങളിൽ ഓഡിറ്റ് നടത്തുകയും ചില കാര്യങ്ങൾ ശുപാർശ ചെയ്യുകയുമുണ്ടായി. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

- മതിയായ സുരക്ഷാ ബോർഡുകൾ സ്ഥാപിക്കൽ
- പ്രഥമ ശുശ്രൂഷക്കായുള്ള ക്രമീകരണങ്ങളുടേയും അടിയന്തിര ഘട്ടങ്ങളിൽ മെഡിക്കൽ സേവനം ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തുക.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ പരമാവധി തടയുകയും ഇക്കോട്ടൂറിസം പ്രദേശങ്ങൾ പ്ലാസ്റ്റിക്ക് രഹിതമാക്കുകയും ചെയ്യുക.
- സഞ്ചാരികൾക്ക് ലഘുപാനീയങ്ങളോ, ഭക്ഷണ പദാർത്ഥങ്ങളോ കഴിക്കുന്നതിനുള്ള സൗകര്യമൊരുക്കുക.
- ഇറക്കങ്ങളിലും മറ്റും കൈവരികൾ സ്ഥാപിക്കുക.
- സന്ദർശക രജിസ്റ്റർ സൂക്ഷിക്കുകയും, എല്ലാ സഞ്ചാരികളുടേയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക.
- സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കുക.
- വെള്ളച്ചാട്ടങ്ങൾ പോലെയുള്ള അപകട സാധ്യതയുള്ള ഇടങ്ങളിൽ മതിയായ അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുക. കൈവരികളും മറ്റ് സുരക്ഷാ ക്രമീകരണങ്ങളും

ഏർപ്പെടുത്തുക.

- ടോയ്‌ലറ്റ് സംവിധാനങ്ങൾ മതിയായ രീതിയിൽ ഉപയോഗക്ഷമമാക്കുക.
- മാലിന്യം നിക്ഷേപിക്കുന്ന സംവിധാനങ്ങൾ വൃത്തിയായി സൂക്ഷിക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും തടയുക.

സെക്ഷൻ ഓഫീസർ